"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

നികുതിവകുപ്പ് -എക്സൈസ് -ഭരണപരം -2024-25 സാമ്പത്തിക വർഷത്തേയ്ക്ക് "2039-00-001-94-00-34-03-P-V എക്സൈസ് വകുപ്പിന്റെ നവീകരണം "എന്ന ശീർഷകത്തിലെ വിവിധ പദ്ധതി ഇനങ്ങൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി(എഫ് )വകുപ്പ്

സ.ഉ.(കൈ) നം.61/2024/TAXES തീയതി,തിരുവനന്തപുരം, 23-09-2024

പരാമർശം:-

1. എക്സൈസ് കമ്മീഷണറുടെ 18.05.2024 ലെ ഇ.എക്സ്.സി/4402/2023-എക്സ്.എഫ്.ബി1 നമ്പർ കത്ത്.
2. 25.06.2024 തീയതിയിലെ വർക്കിംഗ് ഗ്രൂപ്പ് യോഗം
3. എക്സൈസ് കമ്മീഷണറുടെ 12.08.2024 ലെ ഇ.എക്സ്.സി/4402/2023-എക്സ്.എഫ്.ബി1 നമ്പർ കത്ത്.

## ഉത്തരവ്

2024-25 സാമ്പത്തിക വർഷം എക്സൈസ് വകുപ്പിന് പദ്ധതിയിനത്തിൽ '2039-എക്സൈസ്' എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കുന്നതിനായി ഭരണാനുമതി നൽകുന്നതിലേയ്ക്കായി 25.06.2024 ന് കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ, 2039-00-001-94-00-34-03-P-V എക്സൈസ് വകുപ്പിന്റെ നവീകരണം എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിവിധ ഇനങ്ങൾക്ക് ഭരണാനുമതി നൽകുന്നതിന്, ചുവടെ പറയും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി.

i) തിരുവനന്തപുരം ജില്ലയിലെ ആറ്റുപുറം, മലപ്പുറം ജില്ലയിലെ വഴിക്കടവ് ചെക്ക്പോസ്റ്റുകളിലെ രണ്ട് കണ്ടെയ്നർ മൊഡ്യൂളുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഒന്നിനു 25 ലക്ഷം രൂപ നിരക്കിൽ ആകെ 50 ലക്ഷം രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകുന്നതിന് എസ്റ്റിമേറ്റ് ലഭ്യമാക്കി പരിശോധിച്ച ശേഷം അനുമതി പുറപ്പെടുവിക്കാൻ യോഗം തീരുമാനിച്ചു.

ii) മയക്കുമരുന്നിന്റെ ഉപഭോഗം കണ്ടെത്തുന്നതിനായി 2024-25 സാമ്പത്തിക വർഷം ഡ്രഗ് ഡിറ്റക്ഷൻ കിറ്റ് ഒന്നിന് 700/- രൂപ നിരക്കിൽ വാങ്ങുന്നതിന് 6 ലക്ഷം രൂപ അനുവദിക്കേണ്ടതുണ്ടെന്ന് എക്സൈസ് കമ്മീഷണർ അറിയിച്ചു. മയക്കുമരുന്നിന്റെ ഉപഭോഗം കണ്ടെത്തുകയെന്നത് നിലവിലെ സാഹചര്യത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമായതിനാൽ ആയതിന് ആവശ്യമായി സമർപ്പിച്ചിട്ടുള്ള വിഹിതം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്നും ആയതിനനുസൃതമായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ച്

ആയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുന്നതിന് യോഗം തീരുമാനിച്ചു.

iii)എക്സൈസ് വകുപ്പിന്റെ ഐ റ്റി സെൽ ശാക്തീകരിക്കുന്നതിലേക്കായി എക്സൈസ് വകുപ്പിലെ ഐ റ്റി സെൽ വിദഗ്ധർ തയ്യാറാക്കിയ 10.75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് യോഗത്തിൽ സമർപ്പിച്ചിരുന്നു. ആയത് നടപടിക്രമങ്ങൾ പാലിച്ച് ലഭ്യമാക്കുന്ന മുറയ്ക്ക് അംഗീകരിക്കാവുന്നതാണെന്ന് തീരുമാനിച്ചു.

iv)എക്സൈസ് വകുപ്പിൽ ഇനി സി.സി.ടിവി സ്ഥാപിക്കുന്നതിന് ബാക്കിയുള്ള 136 ഫീൽഡ് ഓഫീസുകളിൽ കൂടി സി.സി.ടിവി ക്യാമറ സ്ഥാപിക്കേണ്ടതുണ്ടെന്നും രണ്ടാം ഘട്ടമായി ആയതിൽ 50 ഫീൽഡ് ഓഫീസുകളിൽ 4 ക്യാമറ എന്ന കണക്കിൽ 200 സി.സി.ടിവി ക്യാമറ സ്ഥാപിക്കാൻ ഓഫീസ് ഒന്നിന് ഉദ്ദേശം 78,800/-രൂപ വീതം ആകെ 39,40,000/- രൂപ അനുവദിക്കേണ്ടതുണ്ടെന്ന് എക്സൈസ് കമ്മീഷണർ അറിയിച്ചു. സുരക്ഷയുടെ ഭാഗമായി സി.സി.ടിവി ഓഫീസുകളിൽ അല്ലാതെ മറ്റിടങ്ങളിൽ സ്ഥാപിക്കുന്നതിന് അനിവാര്യമാണെന്ന് കാണുന്നതിനാൽ ആയത് കൂടി പരിശോധിച്ച് പ്രൊപ്പോസൽ റിവൈസ് ചെയ്യുന്നത് ഉചിതകരമാണെന്ന് യോഗം നിരീക്ഷിച്ചു. സൈബർ സെൽ നവീകരണവുമായി ബന്ധപ്പെട്ട് പ്രൊപ്പോസലിൽ ഭേദഗതി ചെയ്യേണ്ടി വന്നതിനാൽ ആയതിനായി വകയിരുത്തിയിട്ടുള്ള തുകയിൽ മിച്ചമുള്ള തുക സി സി ടി വി ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അധികമായി വിനിയോഗിക്കാവുന്നതാണെന്ന് ഫിനാൻസ് ഓഫീസർ അഭിപ്രായപ്പെട്ടു. ഇപ്രകാരം നടപടി സ്വീകരിക്കുന്നതിന് യോഗം തീരുമാനിച്ചു.

v)കാലപ്പഴക്കം ചെന്ന കംപ്യൂട്ടറുകൾ ഉപയോഗിക്കുന്നതിലൂടെ ഉദ്യോഗസ്ഥരുടെ സമയനഷ്ടവും, ജോലിഭാരവും കൂടുന്നതിനാൽ വകുപ്പിൽ ഉപയോഗിക്കുന്ന കാലപ്പഴക്കം ചെന്ന 50 കംപ്യൂട്ടറുകൾ റീപ്ലേസ് ചെയ്യുന്നതിലേക്കായി ഒരു കംപ്യൂട്ടറിനു 50,000/-രൂപ നിരക്കിൽ 25 ലക്ഷം രൂപ അനുവദിക്കേണ്ടതുണ്ടെന്ന് എക്സൈസ് കമ്മീഷണർ അറിയിച്ചു. ഇക്കാര്യത്തിൽ റീപ്ലെയിസ് ചെയ്ത് പുതിയത് വാങ്ങുവാൻ ഉദ്ദേശിക്കുന്ന 50 കംപ്യൂട്ടറുകൾ, സംബന്ധിച്ച Detailed specification സഹിതം Technical Committee – യുടെ അംഗീകാരത്തോടെ GeM അല്ലെങ്കിൽ CPRCS മുഖേന നിലവിലെ നടപടിക്രമങ്ങൾ പാലിച്ച് വാങ്ങുന്നതിന് അനുമതി നൽകുന്നതിന് വർക്കിംഗ് യോഗം തീരുമാനിച്ചു.

2) മേൽതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ.എക്സൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കുകയുണ്ടായി.ആയവ ചുവടെ ചേർക്കും പ്രകാരമാണ്.

1) <u>ചെക്ക്പോസ്റ്റുകളുടെ നവീകരണം ( 50 ലക്ഷം രൂപ)</u>

തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന 9 ജില്ലകളിലായി എക്സൈസ് വകുപ്പിന് 41 ചെക്ക്പോസ്റ്റുകൾ ഉണ്ട്. ഇവയിൽ 26 ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിച്ചിട്ടുണ്ട്. 2014-15, &2015-16 സാമ്പത്തിക വർഷം 19 ചെക്ക്പോസ്റ്റുകളും, 2016-17 സാമ്പത്തിക വർഷം 7 ചെക്ക്പോസ്റ്റുകളും സ്ഥാപിച്ചിട്ടുള്ളതാണ്. 2016-17 സാമ്പത്തിക വർഷം കണ്ടെയ്നർ മൊഡ്യൂൾ ഒന്നിന് 14,30,000/- നിരക്കിൽ 40"X8''X8.6' (with toilet) സ്ഥാപിച്ചിട്ടുള്ളതാണ്. ആയതിൽ 5 കണ്ടെയ്നർ മൊഡ്യൂൾ കാലപ്പഴക്കം വന്നതിനാൽ ടോയിലെറ്റ് ഉൾപ്പെടെ മാറ്റേണ്ടതുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ കാലപ്പഴക്കം ചെന്ന

ഒരു കണ്ടെയ്നർ മൊഡ്യൂൾ (കൂട്ടുപുഴ, കണ്ണൂർ) 21,50,000/- രൂപയ്ക്ക് മാറ്റി സ്ഥാപിച്ചു. 2023-24 സാമ്പത്തിക വർഷത്തിൽ ഒരെണ്ണം കൂടി (വാളയാർ) മാറ്റി സ്ഥാപിച്ചു. ബാക്കിയുള്ള 3 കണ്ടെയ്നർ മൊഡ്യൂളുകളിൽ (ആറ്റുപുറം - തിരുവനന്തപുരം, വഴിക്കടവ് - മലപ്പുറം, കപ്പാണ്ടകൗണ്ടന്നൂർ-പാലക്കാട്), അടിയന്തിരമായി മാറ്റേണ്ട ആറ്റുപുറം തിരുവനന്തപുരം, വഴിക്കടവ് - മലപ്പുറം എന്നിവ മാറ്റി സ്ഥാപിക്കുന്നതിലേക്ക് ഒന്നിന് ഉദ്ദേശം 25,00,000/- രൂപ നിരക്കിൽ 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

സർക്കാർ അംഗീകൃത ഏജൻസി ആയ സിഡ്കോ തിരുവനന്തപുരം കണ്ടെയ്നർ മൊഡ്യൂൾ മാറ്റി സ്ഥാപിക്കുന്നതിന് ഒന്നിന് 24,01,874 രൂപ നിരക്കിൽ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

മേൽ കണ്ടെയ്നർ മൊഡ്യൂളുകൾ (ആറ്റുപുറം - തിരുവനന്തപുരം, വഴിക്കടവ് - മലപ്പുറം) മാറ്റി പുതിയത് സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

2.<u>മയക്കു മരുന്ന് ഉപഭോഗം കണ്ടെത്തൽ കിറ്റ് (10 ലക്ഷം രൂപ)</u>

സംസ്ഥാനത്ത് മദ്യ-മയക്കുമരുന്നുകളുടെ ദുരുപയോഗം യുവതലമുറയിലെ ഏറ്റവും വലിയ വിപത്തായി മാറി കൊണ്ടിരിക്കുമ്പോൾ ഡ്രഗ് അബ്യൂസ് ഡിറ്റക്ഷൻ കിറ്റ് ഇല്ലാത്തതിനാൽ സംശയിക്കപ്പെടുന്ന വ്യക്തി മയക്കുമരുന്ന് ഉപയോഗിച്ചിട്ടുണ്ടോ എന്ന് കണ്ടുപിടിക്കുന്നതിന് കഴിയുന്നില്ല. ആനുകാലികമായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡ്രഗ് ഡിറ്റക്ഷൻ കിറ്റ് എല്ലാ സേനവിഭാഗങ്ങളും സ്വായത്തമാക്കണമെന്ന് നിർദേശിച്ചിട്ടുള്ളതാണ്. കുറഞ്ഞത് 5,000 ഡ്രഗ് അബ്യൂസ് ഡിറ്റക്ഷൻ കിറ്റുകളെങ്കിലും വകുപ്പിന് ഓരോ വർഷവും ആവശ്യമാണ്. ആയത് ഫീൽഡ് ഓഫീസുകൾ, ഡി-അഡിക്ഷൻ കേന്ദ്രങ്ങൾ തുടങ്ങിയ ഇടങ്ങളിൽ ലഹരി പരിശോധനക്കായി ഉപയോഗിക്കാവുന്നതാണ്. ആയതിനാൽ 2024-25 സാമ്പത്തിക വർഷം ഡ്രഗ് അബ്യൂസ് ഡിറ്റക്ഷൻ കിറ്റ് ഒന്നിന് 700/- രൂപ നിരക്കിൽ വാങ്ങുന്നതിന് 10 ലക്ഷം രൂപ അനുവദിക്കേണ്ടതുണ്ട്.

കേരളത്തിൽ കൂടുതലായി കണ്ടെടുക്കപ്പെടുന്ന Amphetamine, Methamphitamine, Ecstacy / MDMA, Cocaine, Opiates, Marijuana എന്നിവയുടെ ഉപയോഗം ഉമിനീർ പരിശോധനയിലൂടെ കണ്ടെത്തുന്നതിനുള്ള ഒരു ഡ്രഗ് അബ്യൂസ് ഡിറ്റക്ഷൻ കിറ്റിന് 700 രൂപ നിരക്കിൽ 10 ലക്ഷം രൂപയ്ക്ക് സ്റ്റോർ പർച്ചേയ്സ് മാനുവലിലെ നിബന്ധനകൾക്ക് വിധേയമായി Gem പ്ലാറ്റ് ഫോമിലൂടെ Bid ചെയ്ത് വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകുവാൻ അഭ്യർത്ഥിക്കുന്നു.

3 .<u>സൈബർ സെൽ നവീകരിക്കൽ (1.23 ലക്ഷം രൂപ)</u>.

സൈബർ സെൽ നവീകരണത്തിനായി വകയിരുത്തിയിരുന്ന 22.73 ലക്ഷം രൂപയിൽ നിന്നും വകുപ്പിൽ സൈബർ ഫോറൻസിക് ടൂളുകൾ സ്ഥാപിച്ച വകയിൽ ALIBI GLOBAL PVT LTD ന് നൽകാനുള്ള 19,65,880/- രൂപയും എക്സൈസ് ഫീൽഡ് ഓഫീസുകളിൽ സി.സി. ടി.വി.സ്ഥാപിക്കുന്നതിലേക്കായി അധികമായി വകയിരുത്തിയ 1,84,120/- രൂപയും കിഴിച്ച് മിച്ചമുള്ള 1.23 ലക്ഷം രൂപ ഉപയോഗിച്ച് സൈബർ സെൽ നവീകരിക്കുന്നതിലേക്കായി എക്സൈസ്

വകുപ്പിലെ സൈബർ സെൽ ടീം തയ്യാറാക്കിയ എസ്റ്റിമേറ്റ് ചുവടെ സമർപ്പിക്കുന്നു.

CDR analyzer - USB edition for all Cyber units including head quarters.

Estimated cost 8200 X 15 = 1,23,000/-

മേൽ സി.ഡി.ആർ അനലൈസിങ് സോഫ്റ്റ്‌വെയർ സൈബർ കുറ്റാന്വേഷണങ്ങൾക്ക് ഗുണകരമാകയാൽ വാങ്ങേണ്ടത് അനുപേക്ഷണീയമാണെന്ന് വിലയിരുത്തി 12/07/2024 തീയതിയിൽ ചേർന്ന സി-ഡാക്, കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ എന്നീ സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ദർ അടങ്ങുന്ന വിദഗ്ധ സമിതി ആയത് 1.23 ലക്ഷം രൂപക്ക് വാങ്ങുന്നതിന് ശുപാർശ ചെയ്യിട്ടുള്ളതാണ്. ടി യോഗത്തിന്റെ മിനുട്സ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. മേൽ സി.ഡി.ആർ അനലൈസിങ് സോഫ്റ്റ് വെയർ 1,23,000/- രൂപയ്ക്ക് വാങ്ങുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

4. <u>ഐ.ടി വിഭാഗത്തിന്റെ ശാക്തീകരണം (10.75 ലക്ഷം രൂപ).</u>

എക്സൈസ് വകുപ്പിന്റെ ഐ.റ്റി സെൽ ശാക്തീകരിക്കുന്നതിലേക്കായി എക്സൈസ് വകുപ്പിലെ ഐ.റ്റി സെൽ വിദഗ്ദ്ധർ തയ്യാറാക്കിയ എസ്റ്റിമേറ്റ് ചുവടെ സമർപ്പിക്കുന്നു.

1. Laptop — 14 Nos

14 Laptop for District IT Cadres

Currently District IT team has not been provided with laptop. They are required to submit periodic reports and system support, and need to get access to so many applications like service plus, e-office tracker, fleet, e-roll etc. Also, B7 software for analyzing CDR, developed by the Excise IT Cell, works only on the Windows platform. Therefore, the operating system of the purchased laptops should be Windows.

Specification:- i5-12th generation processor or higher, 8/16 GB RAM, 500 and above SSD 14 and above inch screen, Windows Operating System.

Approx. Estimated cost: 65000 x 14 = 9,10,000/-

2. LIVE Streaming in facebook/You tube

a. Black Magic ATEM MINI PRO -

Currently IT cell have no equipment for live streaming meeting / functions. Black Magic ATEM MINI PRO is used for live streaming in you tube/ Facebook. This device is useful to manage the presentations on Projector Screen.

Approx. Estimated cost : 75,000/-

b. Sony AX43A 4K Handycam

High quality video capturing camera is required for live streaming.

Approx. Estimated cost : 90.000/-

എക്സൈസ് ഐ.റ്റി വിഭാഗം ശാക്തീകരിക്കുന്നതിലേക്കായി 10.75 ലക്ഷം രൂപ ചെലവിൽ Laptop - 14 Nos. Black ATEM MINI PRO. Sony AX43A 4K Handycam എന്നിവ വാങ്ങുന്നത് എക്സൈസ് ഐ.ടി.സെല്ലിന്റെ നവീകരണത്തിന് ഉതകുന്നതാണെന്ന് വിലയിരുത്തി 12.07.2024 തീയതിയിൽ ചേർന്ന സി-ഡാക്. കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ എന്നീ സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ദർ അടങ്ങുന്ന വിദഗ്ദ സമിതി ആയവ വാങ്ങുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത വിദഗ്ദ്ധ സമിതി യോഗത്തിന്റെ മിനിട്സ് ഇതോടൊപ്പം ഉള്ളടക്കംചെയ്യുന്നു.

മേൽ 1 Laptop - 14 Nos. Black ATEM MINI PRO. Sony AX43A 4K Handycam എന്നിവ GeM CPRCS മുഖേന വാങ്ങുന്നതിന് 10.75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

5. എക്സൈസ് ഓഫീസുകളിൽ. സി.സി.ടിവി സ്ഥാപിക്കൽ (41.24 ലക്ഷം രൂപ)

എക്സൈസ് വകുപ്പിലെ 226 ഫിൽഡ് ഓഫീസുകൾ കാര്യക്ഷമവും സുരക്ഷിതവും സുതാര്യവുമായി പ്രവർത്തിക്കേണ്ടതാണ്. നിലവിൽ കണ്ടുപിടിക്കുന്ന കേസുകളിലെ തൊണ്ടി സാധനങ്ങൾ ഓഫീസിലും. പരിസരത്തുമായാണ് സൂക്ഷിച്ചിരിക്കുന്നത്. ഓഫീസുകളുടെ പ്രവർത്തനത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനും. ഉദ്യോഗസ്ഥരുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനും. തൊണ്ടി മുതലുകൾ മോഷണം പോകാതെ സുരക്ഷിതമായി സൂക്ഷിക്കേണ്ട ആവശ്യം ഉള്ളതിനാലും സി.സി.ടിവി ക്യാമറ സംവിധാനം സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ വകുപ്പ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ നിലവിൽ ഓഫീസ് പരിസരത്താണ് സൂക്ഷിച്ചിരിക്കുന്നത് അവയുടെ സുരക്ഷിതത്വവും മയക്ക മരുന്ന് കേസിൽ ഉൾപ്പെട്ട തൊണ്ടി വകകളുടെ സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്നതിനും ഉതകുന്ന രീതിയിൽ ക്യാമറകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ വാർഷീക പദ്ധതിയിൽ ലഭ്യമായ തുകയിൽ 86 ഓഫീസുകളിൽ സിസിടിവി സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ബാക്കിയുള്ള 136 ഫീൽഡ് ഓഫീസുകളിൽ കൂടി സിസിടിവി ക്യാമറ സ്ഥാപിക്കേണ്ടതുണ്ട്. വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി തീരുമാന പ്രകാരം. സൈബർ സെൽ നവീകരണവുമായി ബന്ധപ്പെട്ട് ലഭ്യമായി അധിക തുക കൂടി ഉൾപ്പെടുത്തി രണ്ടാം ഘട്ടത്തിൽ 66 ഓഫീസുകളിൽ 4 ക്യാമറ എന്ന കണക്കിൽ 264 ക്യാമറ സ്ഥാപിക്കാൻ ഓഫീസ് ഒന്നിന് ഉദ്ദേശം 62.484/- രൂപ വിതം ആകെ 41.24.000/- രൂപ അനുവദിക്കേണ്ടതുണ്ട്. മേൽ വകയിരുത്തിയിട്ടുള്ള തുകക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ അഭ്യർത്ഥിക്കുന്നു

6. കാലപ്പഴക്കം ചെന്ന കംപ്യൂട്ടറുകൾ മാറ്റി സ്ഥാപിക്കൽ (25 ലക്ഷം)

കാലപ്പഴക്കം ചെന്ന കംപ്യൂട്ടറുകൾ ഉപയോഗിക്കുന്നതിലൂടെ ഉദ്യോഗസ്ഥരുടെ സമയനഷ്ടവും ജോലിഭാരവും കൂടുന്നതിനാൽ വകുപ്പിൽ ഉപയോഗിക്കുന്ന കാലപ്പഴക്കം ചെന്ന 50 കംപ്യൂട്ടറുകൾ റീപ്ളേസ് ചെയ്യുന്നതിലേക്കായി ഒരു കംപ്യൂട്ടറിനു 80.000 രൂപ നിരക്കിൽ 25 ലക്ഷം

രൂപ അനുവദിക്കേണ്ടതുണ്ട്.

12.07.2024 തീയതിയിൽ ചേർന്ന സി-ഡാക്, കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ എന്നി സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ദർ അടങ്ങുന്ന വിദഗ്ധ സമിതി കാലപ്പഴക്കം ചെന്ന കംപ്യൂട്ടറുകൾ മാറ്റി പുതിയവ വാങ്ങുന്നത് വകുപ്പിലെ ഉദ്യോഗസ്ഥരുടെ ജോലി ഭാരം കുറക്കുന്നതിനും സമയനഷ്ടം ഒഴിവാക്കുന്നതിനും ജോലിയിലെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും സഹായിക്കുമെന്ന് വിലയിരുത്തുകയും മേൽ CPRCS , സ്പെസിഫിക്കേഷൻ പ്രകാരമുള്ള 50 കംപ്യൂട്ടറുകൾ 25 ലക്ഷം രൂപക്ക് Gem-CPRCS ൽ നിന്നും വാങ്ങുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. ടി വിദഗ്ധ സമിതി യോഗത്തിന്റെ മിനുട്സിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു.

Specification:i3-12 th generaion Processor, 8/16 GB RAM, 500 and above SSD, 15 and above inch Screen

കാലപ്പഴക്കം ചെന്ന 50 കംപ്യൂട്ടറുകൾ മാറ്റി പുതിയവ വാങ്ങുന്നതിന് വകയിരുത്തിയിട്ടുള്ള 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

3)സർക്കാർ പരാമർശം (3) പ്രകാരമുള്ള ശിപാർശ വിശദമായി പരിശോധിച്ചു.2024-25 സാമ്പത്തിക വർഷത്തിൽ 2039-00-001-94-00-34-03-P-V എക്സൈസ് വകുപ്പിന്റെ നവീകരണം എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 25.06.2024 ന് കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലും ചുവടെ പരാമർശിച്ചിട്ടുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ചെക്ക്പോസ്റ്റുകളുടെ നവീകരണം | 50 ലക്ഷം |
| 2 | മയക്കു മരുന്ന് ഉപഭോഗം കണ്ടെത്തൽ കിറ്റ് | 10 ലക്ഷം |
| 3 | സൈബർ സെൽ നവീകരിക്കൽ | 1.23 ലക്ഷം |
| 4 | ഐ.ടി വിഭാഗത്തിന്റെ ശാക്തീകരണം | 10.75 ലക്ഷം |
| 5 | എക്സൈസ് ഓഫീസുകളിൽ സി.സി.ടിവി സ്ഥാപിക്കൽ | 41.24 ലക്ഷം |
| 6 | കാലപ്പഴക്കം ചെന്ന കംപ്യൂട്ടറുകൾ മാറ്റി സ്ഥാപിക്കൽ | 25 ലക്ഷം |

<u>പൊതുവ്യവസ്ഥകൾ</u>

1.സ്റ്റോർ പർച്ചേസ് മാന്വലിലെ നിലവിലുള്ള ചട്ടങ്ങളും നിർദേശങ്ങളും പാലിച്ചു കൊണ്ട് സുതാര്യമായ രീതിയിൽ മാത്രമേ ജോലികളും വാങ്ങലുകളും നടത്താവൂ

2.ബന്ധപ്പെട്ട ശീർഷകത്തിലെ ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി മാത്രമേ ചെലവ് നടത്താവൂ. അധിക ഫണ്ട് യാതൊരു വിധത്തിലും അനുവദിക്കുന്നതല്ല.

3.ഭരണാനുമതി അനുസരിച്ചുള്ള രീതിയിൽ തന്നെയാണ് ഫണ്ട് ചെലവഴിക്കുന്നത് എന്ന് എക്സൈസ് കമ്മീഷണർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ . എ . ജയതിലക് ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ ,തിരുവനന്തപുരം.

2..മെമ്പർ സെക്രട്ടറി ,കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ,തിരുവനന്തപുരം.

3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്-ഇ.ആർ.എസ്.എ) കേരളം. തിരുവനന്തപുരം

4.ധനകാര്യ വകുപ്പ്.

5.വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).

6.കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Reese. V. A

Date: 23-09-2024 12:55:55

സെക്ഷൻ ഓഫീസർ.

പകർപ്പ് 1.ബഹു.തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രിയുടെ

പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

2.നികുതി (എക്സൈസ് ) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ

പി.എ യ്ക്ക്.

3.നികുതി വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി. എ യ്ക്ക്.